(ഇ) ഈ സംരക്ഷണകേന്ദ്രത്തിന്റെ അതിർത്തി തിരിക്കുവാനായി റോഡ് വെട്ടിയ വകയിൽ എത്ര രൂപ ചെലവായിട്ടുണ്ട് ;

(എഫ്) പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ കെട്ടിടങ്ങൾ കെട്ടുന്നതിനായി എത്ര രൂപ ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ഈ ആവശ്യത്തിനായി കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ല.

(ബി, സി, ഡി) ഉദിക്കുന്നില്ല.

(ഇ) ഈ സംരക്ഷണ കേന്ദ്രത്തിന്റെ അതിർത്തി തിരിക്കുവാനായി റോഡ് വെട്ടിയിട്ടില്ല.

(എഫ്) 10,85,516 രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലെ പാതകം വെട്ടുവാനായി ചെലവഴിച്ച തുക

1349. [2022] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പാറ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ പാതകം വെട്ടുന്നതിനായി ഇതുവരെ എത്ര രൂപ ചെലവായിട്ടുണ്ടെന്നു വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ ആനകൾക്കും മറ്റു മൃഗങ്ങൾക്കും കരിപ്പട്ടിയും ഉപ്പും കൊടുത്ത വകയിൽ ഇതുവരെ എത്ര രൂപ ചെലവായി ;

(സി) ഈ കേന്ദ്രത്തിൽ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഇതുവരെ എത്ര രൂപ ചെലവായിട്ടുണ്ട് ;

(ഡി) ഓരോ വർഷത്തേയും കണക്ക് പ്രത്യേകം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1,69,712.42 രൂപ ചെലവായിട്ടുണ്ട്.

(ബി) ആനകൾക്കും മറ്റു മൃഗങ്ങൾക്കും കരിപ്പട്ടി നൽകിയിട്ടില്ല. ഉപ്പിടീലിനു ആകെ 27,922.41 രൂപ ചെലയായിട്ടുണ്ട്.

(സി) 59,393 രൂപ 17 പൈസ ചെലവായിട്ടുണ്ട്.

(ഡി) 1985-86 സാമ്പത്തിക വർഷം മുതൽ മാത്രമാണ് പേപ്പാറ വന്യജീവി സംരക്ഷണ കേന്ദ്രത്തിൽ വികസന പ്രവർത്തനം നടപ്പാക്കി തുടങ്ങിയത്. ആ വർഷം ചെലവായ തുക മുകളിൽ (സി) നൽകിയിട്ടുണ്ട്.

പേപ്പാറ ഡാമിലെ ഷട്ടർ നിർമ്മാണംമൂലം വെള്ളത്തിൽ മുങ്ങാൻ സാദ്ധ്യതയുള്ള വനം

1350. [2023] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പാറ അണക്കെട്ടിൽ പുതിയ ഷട്ടർ നിർമ്മിക്കുന്നതു കാരണം എത്ര ഹെക്ടർ വനം വെള്ളത്തിൽ മുങ്ങാൻ സാദ്ധ്യതയുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly